# ഗവ.ബോയ്സ് ഹയർ സെക്കണ്ടറി സ്കൂൾ, കായംകുളം

*സ്കൂൾ ഡിജിറ്റൽ മാഗസിൻ*



# സാന്ത്വനം

## ആശംസ



ലോകമെമ്പട്ടുമുള്ള ജനത കോവിഡ് -19 മൂലം ദുരിതം അനുഭവിച്ചു കൊണ്ടുരിക്കുന്ന ഒരു കാലഘട്ടമാണ്ഇപ്പോഴുള്ളത്. കുട്ടികൾക്ക് അവരുടെ സർഗ്ഗവാസനകൾ പ്രകടിപ്പിക്കാനുള്ള ഒരു ഇടമാണ് വിദ്യാലയം.ഈ കോവിഡ് കാലത്ത് കുട്ടികൾക്കുണ്ടായ ആകുലതകളും ചിന്തകളും പ്രകടമാക്കുന്ന സൃഷ്ടികൾ ഉൾപ്പെടുന്ന ഈ മാഗസിന് എല്ലാവിധ ആശംസകളും നേരുന്നു.

കായംകുളം

റഹ്മത്തു നിസ.വൈ (ഹെഡ്മിസ്ട്രസ്)
ജി.ബി.എച്ച്.എസ്.എസ്
കായംകുളം

**എഡിറ്റോറിയൽ അംഗങ്ങൾ**

**വിജയൻ നമ്പൂതിരി.കെ**

**സരേഷ് കുമാർ.റ്റി എം**

**അശോകൻ.എസ്**

**സുമേഷ് കുമാർ.എസ്.കെ**

**ഗീതാകുമാരി.എസ്**

**ലതാ ജോൺ**

**സയിനാബിവി.എ**

**ഷാമിനി.എം.കെ**

**സിനി തോമസ്**

**യമുന.ററി.ജി**

**ബിന്ദു.എസ്**

**സങ്കേതിക സഹായം**

**ശശി.എസ് &**

**ലിറ്റിൽ കൈറ്റ് അംഗങ്ങൾ**

## ആമുഖം

ലോകജനതയെ ഒന്നാകെ ബാധിച്ചിരിക്കുന്ന ഒരു മഹാമാരിയാണ് കോവിഡ് -19.കൃത്യമായ പ്രതിരോധ മരുന്ന് ഇതിന് ഇല്ല എന്നുള്ളത് ജനങ്ങളെ കൂടുതൽ ഭീതിയിലാഴ്ത്തുന്നു.ഈ കോവിഡ് -19 കാലത്ത് ഈ സ്കൂളിലെ കുട്ടികളുടെ മനസ്സിലുണ്ടായ വികാരവിചാരങ്ങൾ അക്ഷരങ്ങളിലൂടെയും ചിത്രങ്ങളിലൂടെയും പ്രകടിപ്പിക്കുന്നതിന്‍റെ സാക്ഷ്യപത്രമാണ് ഈ മാഗസിന്‍റെ ഓരോ താളിലെയും സൃഷ്ടികൾ.കോവിഡ് കാലത്ത് പരിമിതമായ സമയത്തിനുള്ളിൽ തയ്യാറാക്കിയ ഈ മാഗസിൻ സന്തോഷത്തോടു കൂടി സമർപ്പിച്ചുകൊള്ളട്ടെ.

ചീഫ് എഡിറ്റർ

## കൊറോണ ,നിനക്ക് മാപ്പില്ല

കരളു പിളർക്കും കൊറോണ

ലോകത്തെ നടുക്കും കൊറോണ

നെഞ്ചു പിളർത്തി നാടിനെ നശിപ്പിക്കും

ഭീകരരൂപി കൊറോണ .

കേരളമാണിത് ഭീകരജീവി നീ
നിപയും ഓഖിയും കടന്നുവന്ന
മലയാളിക്ക് പ്രയാസമില്ല നാടുകടത്താൻ
ജയിക്കും ഞങ്ങൾ തുടരും യുദ്ധം

കൊറോണ,നിനക്ക് മാപ്പില്ല

കോവിഡേ നിനക്ക് മാപ്പില്ല .

**അമൽ ഷിബു ജോൺ**

10.B

# കോവിഡിൽ കുരുങ്ങുന്ന ലോകം

കോവിഡ് 19 എന്ന മഹാമാരി ചൈനയിലെ വുഹാനിൽ നിന്നും ഉത്ഭവിച്ചലോകമെമ്പാടും നാശം വിതച്ച കൊണ്ടിരിക്കുന്നു.ലക്ഷക്കണക്കിന് ആളുകൾ മരണപ്പെടുന്നു.പ്രഹരശേഷിയേക്കാൾ വ്യാപനത്തിന്റെ വേഗമാണ് കോവിഡിനെ ഭീകരനാക്കുന്നത്.ലോകമെമ്പാടും എല്ലാ മേഖകളിലും വളരെ അധികം പ്രതിസന്ധി നേരിടുന്ന ഒരു ഘട്ടമാണിത് .

വിദ്യാഭ്യാസമേഖലയിൽ ഓൺലൈൻ പഠനരീതിയ്ക്ക് പല പോരായ്മകളുണ്ട്. അധ്യാപകരും വിദ്യാർത്ഥികളും ചേർന്നുള്ള വിദ്യാലയ അന്തരീക്ഷം നഷ്ടപ്പെടുന്നത് കുട്ടികളുടെ ശാരീരിക മാനസിക ആരോഗ്യത്തെ ബാധിക്കുന്നുണ്ട്. ഇലക്ട്രോണിക് ഉപകരണങ്ങളുടെ അമിത ഉപയോഗം പലതരത്തിലുള്ള ദൂഷ്യഫലങ്ങളുണ്ടാക്കുന്നു. എല്ലാ മേഖലകളിലുമുള്ള മനുഷ്യർ വളരെയധികം സാമ്പത്തിക മാനസിക പിരിമുറക്കത്തിലൂടെയാണ് കടന്നുപോയ്കൊണ്ടിരിക്കുന്നത് .മഹാമാരിയെ കുറിച്ചുള്ള ആശങ്കകൾ പല മാനസിക പ്രശ്നങ്ങളും സൃഷ്ടിക്കുന്നു.കോവിഡ് 19 മൂലമുള്ള മാനസിക പ്രശ്നങ്ങളും ഒറ്റപ്പെടലും കാരണം ആത്മഹത്യ ചെയ്യുന്നവരും ധാരാളമുണ്ട് .

ബിസ്സിനസ്സ് മേഖലയും വിനോദസഞ്ചാര മേഖലയും വലിയ പ്രതിസന്ധി നേരിടുകയാണ് .അത് ഗവണ്മെന്റിനു വലിയ സാമ്പത്തിക പ്രതിസന്ധി ഉണ്ടാക്കുന്നു.
ആളുകൾക്ക് യഥേഷ്ടം സഞ്ചരിക്കാനോ അവരുടെ ജോലികളിൽ ഏർപ്പെടാനോ കഴിയുന്നില്ല.കുഞ്ഞുങ്ങളും പ്രായമായവരും വീടുകളിലെ ചുവരുകൾക്കുള്ളിൽ വീർപ്പുമുട്ടി കഴിയുന്നു.പ്രവാസികൾ തൊഴിൽ നഷ്ടപ്പെട്ട് നാട്ടിലേക്കു തിരികെയെത്തുന്നതുമൂലം രാജ്യത്തു തൊഴിലില്ലായ്മ കൂടുകയും കൂടുതൽ പ്രതിസന്ധിയിലേക്ക് പോകുകയും ചെയ്യുന്നു.

Break the chain എന്നൊരു ക്യാമ്പയിൻ ഗവണ്മെന്റ് രൂപീകരിച്ച .സമൂഹത്തിൽ ആളുകൾ മാസ്കും ഗ്ലൗസും മറ്റും സാമൂഹിക അകലവും ശുചിത്വവും പാലിച്ചിട്ടും കോവിഡ് നിരക്ക് കൂടിവരുന്നു.ഗതാഗത സംവിധാനങ്ങൾ ഏറെക്കുറെ നിശ്ചലമായ അവസ്ഥയിലാണ്.രാജ്യങ്ങൾ അനിർവചനീയമായ പ്രതിസന്ധിയിലൂടെയാണ് കടന്നു പോയിക്കൊണ്ടിരിക്കുന്നത് .ആരോഗ്യ മേഖലയും ഗുരുതരമായ അവസ്ഥ നേരിട്ടുകൊണ്ടിരിക്കുന്ന .

കോവിഡ് 19 എന്ന മഹാമാരിക്കെതിരെ ഫലപ്രദമായ ഒരു വാക്സിൻ ഇന്നുവരെ ലഭ്യമല്ലാത്തതിനാൽ നമുക്ക് മഹാമാരിയെ തുടച്ചു നീക്കാൻ കഴിയുന്നില്ല .എന്നിരുന്നാലും ലോകരാജ്യങ്ങളുടെയും ആരോഗ്യ പ്രവർത്തകരുടെയും എല്ലാ ജനങ്ങളുടെയും കൂട്ടായ ജാഗ്രതയിലൂടെയുംപ്രവർത്തനത്തിലൂടെയും നമുക്ക് ഈ മഹാമാരിയെ തുരത്താം .മഹാമാരിയിൽ നിന്നും മുക്തമായ നല്ല ദിനങ്ങൾ എത്തുമെന്ന് പ്രതീക്ഷിക്കാം.അതിനായി പ്രാർത്ഥിക്കാം

*A.P. ATHULRAJ*
*10.B*

# MY LIFE IN COVID -19 DAYS

The corona virus started as much less of a real threat it is now.Corona virus is not just a disease it is a man eater that eates humans immunities.I think it’s fair to say that most of the country was not worried about how it might affect us when we first heard about it.Now that it is in full swing in the India,we are all now well aware of how much of a threat it is.My life has been completely uprooted because of the virus.Now ,school,market,bazaar,temple,etc..are closed.E-learning has been impossible due to the slow internet connection,electricity failure,etc.But there are still some negatives in this type online classes,more classes cause the weekness of healthy from destruction of eyes due to the over classes through smart phones,TV,etc.Strict to go outside.I had loacked in my house like a prisoner.What a horrible experience! The government has declared that the covid-19 vaccine is impossible to invent fast,so people should be calm.Many people don’t obey the condition that put forward by the government.The days are moving faster and I am losing my last school life.Missing teachers,friends and rest others,What a bad year,OH!MY GOD....

**Jasifmon**
**10.C**

## പരിസ്ഥിതി

"ഇനി വരുന്നൊരു തലമുറയ്ക്ക്
ഇവിടെ വാസം സാധ്യമോ
മലിനമായ ജലാശയം അതി
മലിനമായൊരു ഭൂമിയും "

എത്ര അർത്ഥവത്തായ വരികൾ -ഈ തലമുറയ്ക്കു തന്നെ ഇവിടെ വാസം അസാധ്യം, പിന്നെയല്ലെ അടുത്ത തലമുറ. മാലിന്യം,വനനശീകരണം ,കായലുകൾ കയ്യേറുന്നത് ഇതെല്ലാം നമ്മുടെ പരിസ്ഥിതിയെ മലിനമാക്കുന്നു.സുഖസമൃദ്ധവും ആർഭാടപൂർവ്വവുമായ ജീവിതം നമ്മുടെ പരിസ്ഥിതിയെ മലിനമാക്കും. ഓരോ പ്രദേശത്തും അടിഞ്ഞുകിടക്കുന്ന മാലിന്യങ്ങൾക്കു കണക്കില്ല. ആശുപത്രികൾ, വ്യവസായശാലകൾ ,അറവുശാലകൾ ഹോട്ടലുകൾ മുതലായവ ഇതിനുദാഹരണം മാത്രം . അടുത്തുതന്നെ നമ്മൾ കണ്ടതല്ലേ കായലുകൾ എല്ലാം നികത്തി ഫ്ലാറ്റുകൾ കെട്ടി ഉയർത്തിയത് .ഇതെല്ലാം നമ്മുടെ പരിസ്ഥിതിക്ക് ആപത്താണ് എന്ന് എല്ലാവരും മറന്നു പോകുന്നു. അതുകൊണ്ട് തന്നെ നാമാണ് ഇതിനെതിരെ പ്രതികരിക്കേണ്ടത്, നാം പ്രതികരിക്കണം. ഇതിൽ നാം ബോധവാന്മാരാകണം. പരിസ്ഥിതിയെസംരക്ഷിക്കേണ്ടത് ജനങ്ങളാണ് .നമുക്ക് സംരക്ഷിക്കാൻ കഴിയും . പരിസ്ഥിതിയെ മലിനമാക്കുന്ന പ്രധാന വിപത്താണ് പ്ലാസ്റ്റിക് .ഇത് മണ്ണിന്റെ ജൈവഘടനയെ തന്നെ പ്രതികൂലമായി ബാധിക്കുന്നു.അതു കൂടാതെ ജലമലിനീകരണം നമ്മുടെ പരിസ്ഥിതിയെ പ്രതികൂലമായി ബാധിക്കുന്നു .ഇതു മുഖേനെ കൊച്ചുകുട്ടികൾ വരെ രോഗബാധിതരായി കൊണ്ടിരിക്കുകയാണ്. ജലമലിനീകരണത്തിന്റെ രക്തസാക്ഷികളാണ് ചാലിയാറും പെരിയാറും പമ്പയുമൊക്കെ . ഇതിലും ഭീകരമാണ് അന്തരീക്ഷ മലിനീകരണം .ഇതും പരിസ്ഥിതിക്കു ദോഷകരമാണ്. മറ്റൊരുകാര്യം ഈ പരിസ്ഥിതി മലിനീകരണത്തിലൂടെ ദൈവത്തിന്റെ സ്വന്തം നാടായ കേരളം മാലിന്യങ്ങളുടെ നാടായി കൊണ്ടിരിക്കുന്നു .ഇതിനൊരു പരിധിവരെ നാം തന്നെയാണ് കാരണക്കാർ . നാം വലിച്ചെറിയുന്ന മാലിന്യങ്ങൾ കഴിച്ച് വളരുന്ന തെരുവ് നായ്ക്കൾ നമ്മെ തന്നെ ആക്രമിക്കുകയാണ് . ഒരു സമ്പൂർണ്ണ മാലിന്യ നിർമ്മാർജ്ജനമാണ് നമുക്കാവശ്യം ."വേണമെങ്കിൽ ചക്ക വേരിലും കായ്ക്കും "എന്ന പഴഞ്ചൊല്ല് പോലെ നാം മനസു വെച്ചാൽ പരിസ്ഥിതിയെ സംരക്ഷിക്കാനാകും . "പരിസ്ഥിതിയെ സംരക്ഷിക്കൂ ഒരു നല്ല നാളേക്കായ് "

***ഷിബിൻ റഹ്മാൻ .എ, 9B***

# കൊറോണക്കാലം

കോവിഡ് 19 മഹാമാരി ഇന്ന് ലോകത്തിനു തന്നെ വലിയ ഭീഷണിയായിക്കഴിഞ്ഞിരിക്കുകയാണ് .ദിനംപ്രതി ലോകത്തിലെ കോവിഡ് ബധിതരുടെ എണ്ണം വർധിച്ചു വരികയാണ് .ഏതു മനുഷ്യരാശിയ്ക്കു തന്നെ ആപത്ത് ആണ് എന്ന കാര്യം നമ്മളെല്ലാം തിരിച്ചറിഞ്ഞിരിക്കുന്നു.

മനുഷ്യസമൂഹം അവന്റെ ജീവിതത്തെ ദോഷകരമായ രീതിയിൽ ബാധിക്കുന്ന സൂക്ഷ്മജീവികളാൽ ഉണ്ടാകുന്ന പകർച്ച വ്യാധികൾക്ക് വിധേയരാകാറുണ്ട് . ഈ വെല്ലുവിളിയെ നേരിടാൻ ശാസ്ത്രലോകം കഠിനമായി പരിശ്രമിച്ചു കൊണ്ടിരിക്കുന്നു.

കോവിഡ് 19 ഇന്ന് ലോകരാജ്യങ്ങളുടെ സമ്പത്ത് വ്യവസ്ഥയെ തന്നെയാണ് വെല്ലുവിളിക്കുന്നത് . വൈറസ്സുകൾ പലതരത്തിൽ രൂപം പ്രാപിച്ചു നിലവിലുള്ള പ്രതിരോധമരുന്നുകളെ അതിജീവിച്ചു എന്ന് ശാസ്ത്രലോകം ചൂണ്ടിക്കാണിക്കുന്നു.കോവിഡ് അത്തരത്തിൽ രൂപം പ്രാപിച്ച ഒരു വൈറസാണ്.
പരിശോധന തന്നെയാണ് ആഗോള തലത്തിൽ സർക്കാരിന്റെ വഴികാട്ടി.ഇന്ന് കോവിഡിനെതിരെ ലോകം മുഴുവൻ ഒറ്റകെട്ടായി പോരാടിക്കൊണ്ടിരിക്കുകയാണ്.ഈ അവസരത്തിൽ നമുക്ക് ചെയ്യാൻ പറ്റുന്ന കുറച്ചു കാര്യങ്ങളുണ്ട്.മാസ്ക് ധരിക്കുക ,പൊതുസ്ഥലങ്ങളിൽ തുപ്പാതിരിക്കുക, സാമൂഹിക അകലം പാലിക്കുക, പോലീസിന്റെയും ആരോഗ്യവകുപ്പ് ഉദ്യോഗസ്ഥരുടെയും വാക്കുകൾ പാലിക്കുക മുതലായവ. അതുകൊണ്ടുതന്നെ കോവിഡിനെ ഒറ്റകെട്ടായി പോരാടിയാൽ നമുക്ക് വിജയം ഉറപ്പാണ്.

**കോവിഡിനെതിരെയുള്ള പ്രതിവിധി**

കോവിഡ് എന്ന മഹാമാരിക്കെതിരെ ലോകത്തിലെ പല ആരോഗ്യ ശാസ്ത്ര പരീക്ഷണ സ്ഥാപനങ്ങൾ പോരാടിക്കൊണ്ടിരിക്കുകയാണ്.അതുകൊണ്ടുതന്നെ കോവിഡ് വാക്സിൻ വികസിപ്പിച്ചു എടുത്താലും ജനങ്ങളിലെത്താൻ താമസമെടുക്കും എന്നതാണ് യാഥാർത്ഥ്യം .

**കോവിഡ് രോഗികൾ**

ലോകത്തുതന്നെ കോവിഡ് ബാധിതരുടെ എണ്ണം കൂടി വരികയാണ്.അമേരിക്കയും ഇന്ത്യയുമൊക്കെയാണ് കോവിഡ് ബാധിതർ കൂടുതൽ ഉള്ള രാജ്യങ്ങൾ.ഇന്ത്യയിലെ സംസ്ഥാനങ്ങളിൽ മഹാരാഷ്ട്ര ,തമിഴ്നാട് , കർണ്ണാടക എന്നീ സംസ്ഥാനങ്ങളിൽ കോവിഡ് ബാധിതരുടെ എണ്ണം കൂടുതലായി നിൽക്കുന്നു.ഇപ്പോൾ കേരളത്തിലും എണ്ണം കൂടിവരികയാണ്.പ്രതിദിനം 10000 ൽ എത്തിയിരിക്കുന്നു.

**കോവിഡ് മരണം**

ലോകത്ത് കോവിഡ് മരണം ഉയർന്നു വരികയാണ്.പ്രതിദിനം വലിയ ഉയർച്ചയിലേക്കാണ് പോയിക്കൊണ്ടിരിക്കുന്നത്.കൂടുതലും വൃദ്ധജനങ്ങളും മറ്റ് രോഗങ്ങളുള്ളവരും ആകുന്നു.

**കോവിഡ് പ്രതിരോധം**

കോവിഡ് പ്രതിരോധത്തിൽ ഇന്ന് ആരോഗ്യ പ്രവർത്തകരും,പോലീസുകാരുമാണ് മുന്നിൽ .ലോകത്ത് ഏപ്രിൽ ആദ്യവാരം 10 ലക്ഷത്തിലധികം ആയിരുന്നു കോവിഡ് ബാധിതർ.എന്നാൽ ജൂണിൽ അത് ഒരു കോടി കവിഞ്ഞു.മരണം 45000 ത്തിൽ നിന്ന് 5 ലക്ഷത്തിലെത്തി .ഭൂഖണ്ഡങ്ങളിൽ ഏറ്റവും കൂടുതൽ രോഗബാധിതർ ഉള്ളത് വടക്കേ അമേരിക്കയിലും,മരണം യൂറോപ്പിലും . മരണത്തിൽ അമേരിക്കയാണ് മുന്നിൽ.എന്നാൽ രോഗമുക്തരുടെ എണ്ണം വർദ്ധിച്ചുവരുന്നു .ഇത് ലോകരാജ്യങ്ങൾക്ക് തന്നെ ആശ്വാസമാണ്.നേരത്തേ തയ്യാറെടുപ്പുകൾ നടത്തിയ രാജ്യങ്ങൾ കോവിഡിനെ അതിജീവിച്ചിട്ടുണ്ട്.അതുകൊണ്ട് കോവിഡിനെ തുരത്താൻ ഈ ലോകജനത ഒറ്റകെട്ടായി നിൽക്കണം.കോവിഡ് ബാധിതരുടെ എണ്ണം കുറയട്ടെ,വാക്സിൻ എല്ലാവരിലും എത്തട്ടെ എന്ന് പ്രത്യാശിക്കാം.

ഷിബിൻ റഹ്മാൻ
9B

# രോഗപ്രതിരോധം

കേരളത്തിൽ ഒരു മഴക്കാലം കൂടി വരാൻ പോകുന്നു .കുറച്ചു വർഷങ്ങളായി മലയാളികൾ ഭയത്തോടെയാണ് മഴക്കാലത്തെ കാണുന്നത് .എലിപ്പനി ,പന്നിപ്പനി ,ഡെങ്കിപ്പനി ,നിപ്പ അങ്ങനെ പലതരം പനികൾ .ഇപ്പോൾ ലോകത്തെ മുഴുവൻ സാമ്പത്തികമായും ,സാമൂഹികമായും ആകപ്പാടെ തകർത്തുകൊണ്ട് കൊറോണ എന്ന വൈറസും .എന്നാൽ ഒന്നിച്ചുള്ള കൂട്ടായ്മയിലൂടെയും ശക്തമായ രോഗപ്രതിരോധ പ്രവർത്തനങ്ങളിലൂടെയും നമുക്ക് ഈ മഹാമാരികളെയെല്ലാം തുരത്താവുന്നതേയുള്ളൂ. മാലിന്യങ്ങൾ കുന്നുകൂടാതെ നീക്കം ചെയ്യുക ,വീടും പരിസരങ്ങളും വൃത്തിയായും വെടിപ്പായും സൂക്ഷിക്കുക, ,സാമൂഹിക അകലം പാലിക്കുക ,വീടിനു പുറത്തു പോകുമ്പോൾ മുഖാവരണം ധരിക്കുക,വീട്ടിൽ വന്നതിനു ശേഷം സോപ്പോ,സാനിറ്റൈസർ ഉപയോഗിച്ചോ കൈകൾ വൃത്തിയായി കഴുകുക, പോഷകാഹാരങ്ങൾകഴിക്കുക തുടങ്ങിയ പ്രതിരോധ പ്രവർത്തനങ്ങൾ നമുക്ക് ചെയ്യാം .പ്രതിരോധ മരുന്നുകൾ കഴിച്ചും ധാരാളംവെള്ളം കുടിച്ചും ചില പകർച്ചവ്യാധികളെ പ്രതിരോധിക്കുവാൻ നമുക്ക് കഴിയും.സർക്കാർ നൽകുന്ന പ്രതിരോധ മുന്നറിയിപ്പുകൾ പാലിച്ചും നമുക്ക് ഈ പകർച്ചവ്യാധികളെ ഒറ്റകെട്ടായി പ്രതിരോധിക്കുവാൻ സാധിക്കും.

***സഞ്ജയ് സന്തോഷ്***

***9C***

## MOTHER EARTH

The land is in a constant state of birth,

Giving life to all who live on Earth
Our carelessness and fears
Have taken a toll over the years.
Her land is parched and scorched
As man continues to light the torch
We continue a want of speed and ease,
All while our pesticides kill off our bees.
It’s time to wake up and see Mother Earth’s pain
Humanity’s selfishness is becoming insane.
Soon her cries will turn to gloom,
And man will cause it’s own doom.

**JASIFMON**

**10.C**

## ശുചിത്വം

പുതിയൊരു ഉദയത്തിനായി കാത്തിരിക്കുന്ന
ആധിയും വ്യാധിയും ഒഴിഞ്ഞൊരു ലോകത്തിനായി
കൈകൂപ്പി നമിക്കുന്ന മാനവരാശി
ഒരുമയുടെ കൂട്ടിൽ ഉല്ലസിക്കാനായി
തരുമോ ഞങ്ങൾക്കിനി സ്നേഹിക്കാനായി നാളുകൾ
കാണുമ്പോൾ ഒരു ഹസ്തദാനവും ആലിംഗനവും
നൽകുന്നതിനായി .
പകർച്ചവ്യാധിയായി വന്നൊരു മഹാമാരിയെ
പിടിച്ചു കെട്ടാനായി ലോകരാജ്യങ്ങൾ
മുറിക്കുള്ളിലാക്കുന്ന മനുഷ്യജന്മങ്ങളെ
"ശുചിത്വം" ശീലമാക്കാൻ പഠിപ്പിക്കുന്ന നമ്മെ
പുതിയൊരു ഉദയത്തിനായി കാക്കുന്ന
പകർച്ചവ്യാധി വിട്ടൊഴിഞ്ഞൊരു ലോകത്തിനായി .

**ഷിബിൻ റഹ്മാൻ .എ**

9 B



*VIVEK O.S , IX .B*



***AMAL SHIBU JOHN, 10B***

## ഒരു കൊറോണക്കാലം

*ചൈനയിൽ നിന്നുംപിറവിയെടുത്തു ഞാൻ*

*അറിയപ്പെടാതെ പലപല നാളുകൾ*

*അറിഞ്ഞൊരു നാളിലോ*

*കയറ്റി അയച്ചു പലപല മാർഗ്ഗത്തിൽ*

*പലപല നാട്ടുകൾ പലപലരാജ്യങ്ങൾ*

*ചുറ്റി നടന്നു ഞാൻ നാടോടിയെന്നോണം*

*പലപല വേഷങ്ങൾ പലപല ഭാഷകൾ*

*ഓരോരോ രീതികൾ ഓരോരോ രാജ്യങ്ങൾ*

*ഓടിയൊളിക്കുന്നു കുഞ്ഞനാം എന്നിൽ നിന്ന്*

*ഓടിയൊളിക്കുന്നു ജന്മമേകിയോരും*

*കോവിഡ്19 എന്നൊരു നാമവും*

*ചാർത്തി എനിക്കാ മാനുജരൊക്കയും*

*പലപല ഭാവങ്ങൾ പലപല ഘടനകൾ*

*ചുറ്റിനടന്നു ഞാൻ ഭൂമിലൊയൊക്കെയും*

*ഓടിയൊളിച്ചവർ, അടച്ചിരിപ്പായല്ലോ*

*ചുറ്റിനടക്കുന്നോർ ആവരണ ധാരികൾ*

*എന്തൊരു കഷ്ടം  ഹ! എന്തൊരു കഷ്ടം*

*ഔഷധമില്ലന്നോ എന്നെ തുരുത്തുവാൻ*
*ചന്ദ്രനേയും ചൊവ്വയേയും കൈയിലൊതുക്കിയോർ*
*ലോകത്തെ ഒന്നാകെ കാൽക്കീഴിലൊതുക്കിയോർ*
*ഓടിയൊളിച്ചുവോ വില്ലാളി വീരന്മാർ*

*പാഠം പഠിപ്പിക്കും മാനുജാ നിന്നെ ഞാൻ*

*പൊറുക്കാവതല്ല നിൻ ചെയ്തികളൊക്കയും*

*ദൂരെക്കളയൂ നിൻ ആസുരരീതികൾ*


*നന്മ നിറയ്ക്കൂ നിൻ ജീവിതയാത്രിൽ*

*എന്നിരുന്നാൽ ഞാൻ പിന്തിരിയാം*


*നല്ലൊരു കാലം നിനക്കു നൽകാം.*

***A.P.ATHULRAJ***

***10.B***




***PRANAV.B ,8C***



***SOORAJ.S,8B***

## COVID-19

Don’t take risk,
Please put mask.
Don’t go in flight,
Washing hands is right.
Stay safe at home,
Otherwise it will harm.
Don’t mingle,
Always be single.
When carelessness increases,
Population decreases.
Isolation is the only way,
To fight against corona virus,I say.

**MUHAMMED KHAIS.H**
**8C**

## THE SAVIOUR AND PUNISHER

Nature is the gift from God to all
She is the source of life
She gave birth to sea,earth and sky
She is the creator and destroyer.
From her hair,vines sprout out
From her feet ,roots came out
From her tears,rainfalls down
From her mouth,air is given
She gives everything
But we don’t give her anything
She can be lovely,but beware
If you act naughty,she will discipline you
Her power can’t be denied
Stand in her way,your fate is already sealed
We should make this right
There is still time,don’t waste it
Let’s cross our fingers and hope for the best
We should embrace our future
If ruined,the end is not so far.

**ABDUL RAHMAN .A.S**

**10.C**



***MUHAMMED KHAIS.H***

***8C***